"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുൻ പെർഫോർമെൻസ് ആഡിറ്റ് സൂപ്പർവൈസറായ ശ്രീ. ഷിബു. എസ്.-ന് എതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1055/2026/LSGD തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06/05/2025 തീയതിയിലെ LSGD/PD/68894/2023-VIGA3 നമ്പർ കത്ത്.
2. സർക്കാരിന്റെ 18/07/2025 തീയതിയിലെ ഇപിബി2/71/2025-LSGD നമ്പർ നമ്പർ കുറ്റാരോപണ മെമ്മോ /കുറ്റപത്രം.
3. ശ്രീ. ഷിബു എസ്. 12/08/2025 തീയതിയിൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/11/2025 തീയതിയിലെ LSGD/PD/68894/2023-VIGA3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ ചുറ്റുമതിൽ നിർമ്മാണ പെർമിറ്റിനുള്ള തന്റെ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാത്തതിനെ തുടർന്ന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ശ്രീ.വേണുഗോപാൽ നൽകിയ പരാതിയിൽ കൊട്ടാരക്കര പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ ആയിരുന്ന ശ്രീ.ഷിബു എസ്. ശരിയായ രീതിയിൽ അന്വേഷണം നടത്താതെ തെറ്റായ റിപ്പോർട്ട് നൽകിയെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വേണുഗോപാൽ സമർപ്പിച്ച പരാതിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.ഷിബു എസ്. ന്റെ ഭാഗത്തുനിന്നും ചുവടെകൊടുത്തിട്ടുള്ള വീഴ്ചകൾ ഉണ്ടായതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

i. മാനുവൽ ഫോർ പെർഫോമൻസ് ഓഡിറ്റ് ഇൻ ലോക്കൽ സെൽഫ്

ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരളയുടെ ഖണ്ഡിക **2.3 (iv)** ൽ മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് പരാമർശിച്ചിരിക്കെ കൊല്ലം പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-**2** ന്റെ ആസ്ഥാനമായിരുന്നിട്ടും കൊട്ടാരക്കര ഓഫീസിൽ നിയമാനുസരണം തയ്യാറാക്കി സൂക്ഷിക്കേണ്ട മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.

**ii.** ശ്രീ. വേണുഗോപാൽ **09/06/2020** തീയതിയിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പെർമിറ്റ് അനുമതിക്കായി ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന് അഭിമുഖമായുള്ള അണ്ടൂർ വൈങ്കോട്ടൂർ റോഡിന് ആസ്തി രജിസ്റ്റർ പ്രകാരം **5.5** മീറ്റർ മാത്രം വീതി ഉണ്ടായിരുന്നപ്പോൾ **7.5** മീറ്റർ വീതി റോഡിന് ഉണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ആരോപിച്ച് പഞ്ചായത്ത് സെക്രട്ടറി ശ്രീ. വേണുഗോപാലിന് പെർമിറ്റ് അനുമതി നിഷേധിച്ചിരുന്നു. ഇത് സംബന്ധിച്ച് വേണുഗോപാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച പരാതി അന്വേഷിക്കുന്നതിന് വേണ്ടി പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറായിരുന്ന ശ്രീ. ഷിബു എസ്. നെ ചുമതലപ്പെടുത്തിയിരുന്നു. ശ്രീ. വേണുഗോപാൽ ചുറ്റുമതിൽ നിർമ്മാണത്തിന് അപേക്ഷ നൽകിയ **09/06/2020** തീയതിയിൽ റോഡിനുണ്ടായിരുന്ന വീതി സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ശ്രീ. ഷിബു എസ്. ന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചു.**24/9/2020** തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് ആസ്തി രജിസ്റ്ററിൽ **7.5** മീറ്റർ വീതിയിൽ അണ്ടൂർ വെങ്ങല്ലൂർ റോഡ് ഉൾപ്പെടുത്തിയത് എന്നത് പ്രത്യേകമായി രേഖപ്പെടുത്തുന്നതിന് ടിയാന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്.

**iii.** പരാതിക്കാരനായ ശ്രീ. വേണുഗോപാൽ **9/6/2020** തീയതിയിൽ ചുറ്റുമതിൽ നിർമ്മാണത്തിന് അപേക്ഷ നൽകിയശേഷം **2/12/2020** തീയതിയിൽ ശ്രീ. രതീഷ് കുമാർ/സ്മിത എന്നിവർക്ക് അതേ റോഡിൽ തന്നെ റോഡിന്റെ വീതി **7** മീറ്റർ ആയി കണക്കാക്കി പെർമിറ്റ് അനുമതി നൽകി എന്ന് ശ്രീ. വേണുഗോപാൽ ആക്ഷേപം ഉന്നയിച്ചിട്ടും പ്രസ്തുത ഫയൽ പരിശോധിക്കുകയോ പരാതിക്കാരന് മാത്രം എന്തുകൊണ്ട് സേവനം നിഷേധിച്ചു എന്ന വസ്തുത ശരിയായി അന്വേഷണ വിധേയമാക്കുകയോ ചെയ്തില്ല.

**iv.** ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ശ്രീ. വേണുഗോപാലിന് പെർമിറ്റ് നിഷേധിച്ചുകൊണ്ട് നൽകിയ നോട്ടീസ് ക്രമവിരുദ്ധമാണോ എന്ന് പരിശോധിക്കുവാൻ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് അധികാരമില്ല എന്ന തരത്തിൽ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും ഒഴിവാകുന്ന തരത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ കൂടിയായ ശ്രീ. ഷിബു എസ്. മറുപടി നൽകിയത് ശരിയായ നടപടിയല്ല.

2. മേൽ വീഴ്ചകൾ മാന്വൽ ഫോർ പെർമോൻസ് ആഡിറ്റ് ഇൻ ലോക്കൽ സെൽഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരളയിലെ ഖണ്ഡിക 1.2(vii), 1.3(i), 1.3(iv), 1.3 (v), 1.3(vi), 1.3 (vii), 1.4(iv) എന്നിവയുടെ ലംഘനമാണെന്നതിനാൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന നിലയിൽ ടിയാന്റെ ഭാഗത്തു നിന്നും കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചതായി കണ്ട് ടിയാനെതിരെ നടപടിയ്ക്ക് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, KCS (CC&A) Rules,1960-ലെ Rule 16 പ്രകാരം പരാമർശം (2) കുറ്റാരോപണ മെമ്മോ നൽകി ശ്രീ.ഷിബു എസ്-നെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

3. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. ഷിബു എസ് പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങളും ആയതിന്മേൽ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടും കുറ്റാരോപണങ്ങളുടെ ക്രമത്തിൽ ചുവടെ ചേർക്കുന്നു.

i. 2018 വർഷത്തിലാണ് വെട്ടിക്കവല ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും സ്ഥലമാറ്റം ലഭിച്ച് കൊട്ടാരക്കര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ ഓഡിറ്റ് സൂപ്പർവൈസർ ആയി ജോലിയിൽ പ്രവേശിച്ചത്.കൊട്ടാരക്കര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ മൂവ്മെന്റ് രജിസ്റ്റർ എഴുതിപ്പോരുന്നതായി കാണാൻ കഴിഞ്ഞിരുന്നില്ല. പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ എല്ലാ ജീവനക്കാരും എല്ലാ മാസവും കൃത്യമായി ടൂർ ഡയറി എഴുതി തയ്യാറാക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി വരികയാണ് ചെയ്തിരുന്നത്. അത്തരത്തിൽ കൃത്യമായി ടൂർ ഡയറി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ പ്രത്യേകം മൂവ്മെന്റ് രജിസ്റ്റർ എഴുതേണ്ടതില്ലായെന്നാണ് കരുതിയിരുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിലും സെക്രട്ടറി ഡയറി എഴുതി സൂക്ഷിക്കുകയാണ് ചെയ്തിരുന്നത് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ആയതിന്റെ കോപ്പി നൽകിയിട്ടുണ്ട്). മൂവ്മെന്റ് രജിസ്റ്ററിൽ പ്രത്യേകം എഴുതിയിരുന്നുമില്ല. അത്തരത്തിലൊരു ധാരണയിലാണ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ആയിരുന്ന സമയത്തും മൂവ്മെന്റ് രജിസ്റ്റർ പ്രത്യേകം എഴുതാതിരുന്നത്. മിക്ക പ്രവൃത്തി ദിവസങ്ങളിലും താമസ സ്ഥലത്തു നിന്ന് പഞ്ചായത്തുകളിലേക്ക് ഓഡിറ്റിനായി പോകുകയാണ് ഉണ്ടായിട്ടുള്ളത്. മാസവും രണ്ടാ മൂന്നോ ദിവസം മാത്രമാണ് യൂണിറ്റ് ഓഫീസിലെത്തി സെക്രട്ടറിമാരുടെ ശബള ബിൽ പാസാക്കുകകയും ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നത്. ആയതിനാൽ എല്ലാ ദിവസവും മൂവ്മെന്റ് രജിസ്റ്റർ എഴുതിയിട്ട് പഞ്ചായത്തുകളിൽ എല്ലാം പരിശോധനക്ക് പോകുന്നത് പ്രായോഗികമായിരുന്നില്ല. ആയതിനാൽ ഔദ്യോഗിക യാത്രകൾ സംബന്ധിച്ച വിവരം ടൂർ നോട്ട് ആയി രേഖപ്പെടുത്തി മേലുദ്യോഗസ്ഥന് സമർപ്പിച്ചിട്ടുള്ളതാണ്.

**പ്രിൻസിപ്പിൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട്**

മാന്വൽ ഫോർ പെർഫോമൻസ് ഓഡിറ്റ് ഇൻ ലോക്കൽ സെൽഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരളയുടെ ഖണ്ഡിക 2.3(IV)-ൽ മൂവ്മെന്റ് രജിസ്റ്റർ (Annexure 2.1 Sl. No.(XXI)) സൂക്ഷിക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയത് സൂക്ഷിച്ചിരുന്നില്ലായെന്ന് എതിർവാദപത്രികയിൽ ടിയാൻ തന്നെ സമ്മതിച്ചിട്ടുണ്ട്. പകരം ടൂർ ഡയറിയാണ് എല്ലാ മാസവും അസ്സിസ്റ്റന്റ് ഡയറക്ടർക്ക് തയ്യാറാക്കി നൽകി വന്നത്. ടൂർ ഡയറി മൂവ്മെന്റ് രജിസ്റ്ററിന് പകരമല്ല. അഡ്വാൻസ് ടൂർ ഡയറിയും യാത്രയ്ക്ക് ശേഷമുള്ള ടൂർ നോട്ടും കൃത്യമായി നൽകി വന്നതായി വിശദീകരണത്തിൽ പറയുന്നു. മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയായി കാണാവുന്നതാണ്.

ii. സ്ഥലപരിശോധന നടത്തിയശേഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ റിപ്പോർട്ടിൽ അണ്ടൂർ വൈങ്കോട്ടൂർ റോഡിന്റെ വീതി 5.5 മീറ്ററിൽ നിന്നും 7.5 മീറ്റർ ആയി മാറ്റം വരുത്തിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ആസ്തി രജിസ്റ്റർ സംബന്ധിച്ചുള്ള വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയറിൽ നിന്നാണ് ലഭ്യമാകുന്നത്. പഞ്ചായത്തിലെ സചിത്ര സോഫ്റ്റ് വെയർ പരിശോധിക്കുകയും അണ്ടൂർ വൈങ്കോട്ടൂർ റോഡിന്റെ വീതി 7.5 മീറ്റർ ഉണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് റോഡിന് 7.5 മീറ്റർ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തത്. 24/09/2024 തീയതിയിലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് റോഡിന്റെ വീതിയിൽ മാറ്റം വരുത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിന് പഞ്ചായത്തിന് അധികാരമുള്ളതാണ്. ശ്രീ. വേണുഗോപാലിന്റെ പെർമിറ്റ് അപേക്ഷ തീയതിയായ 09/06/2020-ന് ശേഷമാണ് ആസ്തി രജിസ്റ്ററിൽ മാറ്റം വരുത്തിയിട്ടുള്ളത് എന്നത് ബോധപൂർവ്വം ഉൾപ്പെടുത്താതിരുന്നതല്ല എന്ന വിവരം ബോധിപ്പിക്കുന്നു. അന്വേഷണ സമയത്ത് ശ്രീ. പ്രസാദ്, മറ്റപ്പള്ളി വീട്, വാളകം എന്നയാൾ ശ്രീ. വേണുഗോപാൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരെ പ്രതി ചേർത്ത് കൊട്ടാരക്കര മുൻസിഫ് കോടതിയിൽ Suit No. 166/2021 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ മതിൽ നിർമ്മിക്കുന്നതിൽ നിന്നും ശ്രീ. വേണുഗോപാലിനെയും പെർമിറ്റ് നൽകുന്നതിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും തടഞ്ഞുകൊണ്ട് 23/03/2021-ൽ നിരോധന ഉത്തരവായിട്ടുള്ളതുമാണ്. ശ്രീ. വേണുഗോപാൽ, ശ്രീ.ജയകൃഷ്ണൻ എന്നിവർ ഫയൽ ചെയ്തിട്ടുള്ള OS 259/2021 നമ്പർ കേസ് പ്രകാരം ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ പ്രതിയാക്കിയ മറ്റൊരു കേസും കൊട്ടാരക്കര മുൻസിഫ് കോടതിയിൽ തള്ളിയിട്ടുള്ളതുമാണ്. കോടതിയിൽ കേസ്സ് പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് വിശദമായ ശിപാർശകൾ നൽകാതിരുന്നത്.

<u>പ്രിൻസിപ്പിൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട്</u>

ശ്രീ.വേണുഗോപാൽ മതിൽ നിർമ്മാണത്തിനായി **09/06/2020**-ലാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കു് അപേക്ഷ സമർപ്പിച്ചിരുന്നത്. അപേക്ഷ നൽകിയ സമയത്ത് ടി റോഡിന്റെ വീതി **5.5** മീറ്ററാണ് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നതെങ്കിലും സമർപ്പിച്ച പ്ലാനിൽ **7** മീറ്ററാണ് റോഡിന്റെ വീതിയായി ശ്രീ. വേണുഗോപാൽ രേഖപ്പെടുത്തിയതെന്ന് കാണുന്നു. ആയതിൽ നിന്നും റോഡിന്റെ വീതി ടിയാന്റെ ഭൂമിക്ക് സമീപം ആസ്തി രജിസ്റ്ററിലെ വീതിയല്ലായെന്ന് അപേക്ഷകന് തന്നെ ബോധ്യമുള്ളതാണെന്ന് കാണുന്നു. അണ്ടൂർ-വൈങ്ങോട്ടൂർ റോഡ് **5.5** മീറ്റർ വീതിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന് ശേഷം റോഡിന്റെ വീതി ശ്രീ. വേണുഗോപാൽ നല്കിയ നിർമ്മാണ അനുമതി അപേക്ഷ ലഭിച്ച് **3** മാസങ്ങൾക്ക് ശേഷം **24/09/2020**-നാണ് **7.5** മീറ്ററായി മാറ്റംവരുത്തിയത്. റോഡിന്റെ വീതി അപാകത പരിഹരിച്ച് **7.5** മീറ്ററായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ശ്രീ. ഷിബുവിന്റെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. ആസ്തി രജിസ്റ്ററിലെ അപാകത യഥാസമയം പരിഹരിക്കാതെ ശ്രീ. വേണുഗോപാൽ നൽകിയ അപേക്ഷയെ തുടർന്ന് തർക്കം ഉണ്ടായപ്പോഴാണ് ആസ്തി രജിസ്റ്ററിൽ മാറ്റം വരുത്തിയതെന്ന് കാണുന്നു. അതേ സമയം ആസ്തി രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിന് മുൻപ് സ്ഥലപരിശോധന നടത്തിയ ഓവർസിയർ റോഡിന്റെ വീതി **7.4** മീറ്ററാണെന്നും പിന്നീട് ശ്രീ. വേണുഗോപാലിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയ സെക്രട്ടറി റോഡിന്റെ വീതി അപേക്ഷകന്റെ വീടിന്റെ ഭാഗത്ത് **7.4** മീറ്ററുള്ളതായും മറ്റ് ചില ഭാഗങ്ങളിൽ ഏറ്റകുറച്ചിലുള്ളതിനാൽ **7.25** മീറ്ററിൽ കുറയാതെ റോഡിന്റെ വീതി നിലനിറുത്തികൊണ്ട് പെർമിറ്റ് അനുവദിക്കുന്നതിന് ഉത്തരവാകുകയും ചെയ്തതായി ശ്രീ.ഷിബുവിന്റെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. റോഡിന്റെ വീതി സംബന്ധിച്ച അവ്യക്തത നിലനിൽക്കേ റോഡിന്റെ വീതി **7.5** മീറ്ററായി ആസ്തി റജിസ്റ്ററിൽ വരുത്തിയത് ശരിയായ രീതിയിലായിരുന്നോയെന്ന് പരിശോധിക്കേണ്ടിയിരുന്നു. പരിശോധനാ സമയത്ത് ശ്രീ. വേണുഗോപാലിന് പെർമിറ്റ് അനുവദിക്കുന്നതിന് കൊട്ടാരക്കര മുൻസിഫ് കോടതിയുടെ നിരോധന ഉത്തരവ് നിലവിലുണ്ടായത് കൊണ്ടാണ് വിശദമായ ശിപാർശകൾ നല്കാതിരുന്നതെന്ന ശ്രീ. ഷിബുവിന്റെ വിശദീകരണം പരിഗണിക്കാവുന്നതാണ്.

**iii.** പരാതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധന നടത്തിയപ്പോൾ **(a)** ശ്രീ. സവിൻകുമാർ വി.എസ് **(b)** ശ്രീമതി മാലിനി ടി. എന്നിവരുടെ ഫയലുകൾ മാത്രമേ പരിശോധനയ്ക്കു് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരുന്നുള്ളു. ടി ഫയലുകൾ പരിശോധിച്ചതിൽ ചുറ്റുമതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് പരാതിക്കാരന്റെ പെർമിറ്റ് അപേക്ഷ ലഭിച്ച **09/06/2020**-ന് മുമ്പ് യഥാക്രമം **14/08/2019, 03/06/2020**

എന്നീ തീയതികളിൽ ആണെന്ന് വ്യക്തമായിട്ടുള്ളതും ആയത് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ടി പരാതിയിൽ ഉന്നയിച്ചിട്ടുള്ള ശ്രീ. രതീഷ്കുമാർ ടി & സ്മിത എന്നിവർക്ക് ചുറ്റുമതിൽ നിർമ്മാണത്തിന് അനുമതി നൽകിയ ഫയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ ആയത് പരിശോധിക്കാൻ കഴിയാതെ വന്നിട്ടുള്ളതാണ്.

കൊട്ടാരക്കര പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ **26/11/2018** തീയതിയിലെ **1/2018** നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഉമ്മന്നൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിരുന്ന ശ്രീ. അജയകുമാർ ആണ് ടി രേഖകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ടി പരാതിക്കാരനെ ദോഷകരമായി ബാധിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ടി ഫയലിന്റെ പരിശോധന മനഃപൂർവ്വം വിട്ടുകളഞ്ഞതല്ലായെന്ന് ബോധിപ്പിക്കുന്നു. അന്വേഷണ സമയത്ത് കൊട്ടാരക്കര മുൻസിഫ് കോടതിയിൽ **Suit No.166/2021, OS No.259/2021** എന്നീ നമ്പർ കേസുകൾ നിലവിലുണ്ടായിരുന്നു. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് വിശദമായ ശിപാർശകൾ നൽകാതിരുന്നത്.

**<u>പ്രിൻസിപ്പിൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട്</u>**

ശ്രീ. വേണുഗോപാലിന്റെ പെർമിറ്റ് അപേക്ഷയിൽ റോഡിന്റെ വീതി **7** മീറ്ററായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ സ്ഥലപരിശോധന നടത്തിയ എഞ്ചിനീയറിങ് വിഭാഗം റോഡിന്റെ വീതി **7.4** മീറ്ററാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിച്ചില്ല. എന്നാൽ ശ്രീ. വേണുഗോപാൽ അപേക്ഷ നൽകിയ തിയതിക്ക് **6** ദിവസങ്ങൾക്ക് മുൻപ് ടിയാന്റെ വീടിനടുത്ത് ഇതേ റോഡിന്റെ സമീപം താമസിക്കുന്ന ടിയാന്റെ സഹോദരി ശ്രീമതി മാലിനിക്ക് ഇതേ ഗ്രാമപഞ്ചായത്തിൽ നിന്നും **7** മീറ്റർ റോഡ് വീതിയായി പരിഗണിച്ച് പെർമിറ്റ് നൽകിയതായും ശ്രീ. വേണുഗോപാലിന്റെ വീട്ടിൽ നിന്നും ഏകദേശം **30** മീറ്റർ അകലെ ഇതേ റോഡിന് സമീപം താമസിക്കുന്ന ശ്രീ. രതീഷ് കുമാർ ടി & സ്മിത എന്നിവർക്ക് ചുറ്റുമതിൽ നിർമാണത്തിന് **7** മീറ്റർ റോഡ് വീതിയായി പരിഗണിച്ച് പെർമിറ്റ് നൽകിയതായുമുള്ള ശ്രീ. വേണുഗോപാലിന്റെ പരാതിയിലെ ആരോപണം ശരിയായ വിധത്തിൽ പരിഗണിച്ചതായി കാണുന്നില്ല.

എന്നാൽ ശ്രീ. ഷിബു സ്ഥല പരിശോധന നടത്തുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്യാതെ പകരം ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ സൂപ്രണ്ട് പരാതിയിൽ ഉന്നയിച്ച എല്ലാ വിഷയങ്ങളും പരിശോധിച്ചോ എന്നത് ഉറപ്പു വരുത്താതെ തന്റെ കാര്യാലയത്തിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥൻ അന്വേഷിച്ച്

തയ്യാറാക്കിയ റിപ്പോർട്ട് വിശ്വാസത്തിലെടുത്ത് അംഗീകരിച്ച നടപടി ശ്രീ. ഷിബുവിന്റെ ജാഗ്രതകുറവായി കാണാവുന്നതാണ്.

എന്നാൽ പരിശോധനാസമയത്ത് ശ്രീ. വേണുഗോപാലിന് മതിൽ നിർമാണാനുമതി നൽകുന്നതിനെതിരെ ശ്രീ. പ്രസാദ്, ശ്രീ. സുരേഷ് എന്നിവർ ബഹു. കൊട്ടാരക്കര മുൻസിഫ് കോടതിയിൽ 166/2021 നമ്പരായി അന്യായം ഫയൽ ചെയ്തിട്ടുള്ളതും ടി കേസിൽ 23/03/2021 തീയതിയിൽ ബഹു. കോടതി ഇൻജൻക്ഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കോടതിയുടെ 23/03/2021 തീയതിയിലെ ഉത്തരവ് ചുവടെ ചേർക്കുന്നു.

**"The respondents are restrained from constructing the northern boundary wall of plaint schedule and restrain the 2 defendant from issuing permit to the 1st Defendant until further orders".** കേസ് വിവരം ശ്രീ. ഷിബുവിന്റെ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ഷിബു റിപ്പോർട്ട് സമർപ്പിച്ച സമയത്ത് കോടതിയുടെ **Injunction order** നിലവിലുണ്ടായിരുന്നുവെന്ന് കാണുന്നു.

iv. പരാതിക്കാധാരമായ ടി റോഡിൽ 7.2 മീറ്റർ വീതി നിലനിർത്തി ശ്രീ. വേണുഗോപാൽ ബി. യ്ക്ക് പെർമിറ്റ് അനുവദിക്കുന്നതിന് ഉത്തരവാകുകയും ആയതിന്റെ പെർമിറ്റ് ഫീസ് ഒടുക്കുന്നതിന് പരാതിക്കാരന് 04/08/2020- തീയതിയിൽ നോട്ടീസ് സെക്രട്ടറി നൽകിയിരുന്നതുമാണ്. റോഡിന്റെ വീതി സംബന്ധിച്ച് വിവരങ്ങൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് പെർഫോമൻസ് ഓഡിറ്റ് യുണിറ്റ് സൂപ്പർവൈസർക്ക് സാങ്കേതിക പരിജ്ഞാനം ഇല്ലായെന്നതിനാലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് തിരുത്തി നൽകാൻ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകാൻ കഴിയാത്തതിനാലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് തിരുത്തി നൽകാൻ കഴിയാത്തതിനാലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ടി ഉത്തരവിന്മേൽ പരാതിക്കാരന് ട്രൈബ്യൂണൽ മുമ്പാകെ ആവലാതി സമർപ്പിക്കാൻ അവകാശമുള്ളതിനാലുമാണ് ടി റിപ്പോർട്ടിൽ അത്തരത്തിൽ രേഖപ്പെടുത്തൽ ഉണ്ടായിട്ടുള്ളത്. ടി നോട്ടീസ് ക്രമവിരുദ്ധമാണോയെന്ന് പരിശോധിക്കാൻ അധികാരമില്ലായെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

**<u>പ്രിൻസിപ്പിൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട്</u>**

നാലാമത്തെ കുറ്റാരോപണത്തിന് ശ്രീ. ഷിബു നൽകിയ മറുപടിയിൽ പറയുന്നത് കുറ്റാരോപണത്തിൽ പറയുന്ന പരാമർശമായ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ശ്രീ.വേണുഗോപാലിന് പെർമിറ്റ് നിഷേധിച്ചുകൊണ്ട് നൽകിയ നോട്ടീസ് ക്രമവിരുദ്ധമാണോ എന്ന് പരിശോധിക്കുവാൻ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക്

അധികാരമില്ല എന്നത് തെറ്റായി വിശദീകരണത്തിൽ രേഖപ്പെടുത്തിയതാണെന്നും ആയത് മാപ്പാക്കണമെന്നുമാണ്. പരാമർശം തെറ്റായി രേഖപ്പെടുത്തിയതെന്ന് ടിയാൻ മറുപടി നൽകിയ സാഹചര്യത്തിൽ റിപ്പോർട്ട് തയ്യാറാക്കിയപ്പോഴും റിപ്പോർട്ടിലെ അപാകതയുടെ പേരിൽ വിശദീകരണം നൽകിയപ്പോഴും ടിയാന് ജാഗ്രതകുറവുണ്ടായി കാണുന്നു.

4. മേൽ പരാമർശ വിഷയത്തിൽ ശ്രീ.ഷിബു. എസ് -നെ സർക്കാർ **16/02/2026**-ന് ഓൺലൈൻ മുഖേന കേൾക്കുകയുണ്ടായി. ടി ഹിയറിംഗിൽ എതിർവാദപത്രികയിൽ ബോധിപ്പിച്ചിരുന്ന വാദങ്ങൾ തന്നെ ടിയാൻ ബോധിപ്പിക്കുകയുണ്ടായി. മാന്വൽ ഫോർ പെർഫോമൻസ് ഓഡിറ്റ് ഇൻ ലോക്കൽ സെൽഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരളയുടെ ഖണ്ഡിക **2.3(IV)**-ൽ മൂവ്മെന്റ് രജിസ്റ്റർ **(Annexure 2.1 SI. No. (XXI))** സൂക്ഷിക്കണമെന്ന വ്യവസ്ഥ ടിയാൻ പാലിച്ചില്ലായിരുന്നതും, ശ്രീ.വേണുഗോപാലിന്റെ പരാതിയിൽ ഉന്നയിച്ചിരുന്ന എല്ലാ വിഷയങ്ങളും പരിശോധിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താതെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ റിപ്പോർട്ട് മാത്രം വിശ്വാസത്തിലെടുത്തതും പെർമിറ്റ് നിഷേധിച്ചുകൊണ്ട് നൽകിയ നോട്ടീസ് പരിശോധിക്കുവാൻ അധികാരമില്ലായെന്ന് വിശദീകരണം നൽകിയതും ശ്രീ.ഷിബു എസ് ന്റെ ഭാഗത്തു നിന്നുണ്ടായ ജാഗ്രതക്കുറവാണെന്ന് ഹിയറിംഗ് വേളയിൽ ബോധ്യപ്പെടുകയുണ്ടായി.

5. ശ്രീ.ഷിബു-നെതിരെയുള്ള കുറ്റാരോപണങ്ങൾക്ക് ടിയാൻ സമർപ്പിച്ച എതിർവാദപത്രികയും ആയതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും ഹിയറിംഗിന് ടിയാൻ സമർപ്പിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശ വിഷയത്തിൽ കൊട്ടാരക്കര പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ ആയിരുന്ന ശ്രീ. ഷിബു എസ്. ന്റെ ഭാഗത്തുനിന്നും മേൽ ഖണ്ഡിക (4)-ൽ പരാമർശിച്ചിട്ടുള്ള വീഴ്ചകൾ സംഭവിച്ചിട്ടുള്ളതിനാൽ ടിയാനെതിരെ **1960**-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, "സെൻഷ്വർ" നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഷിബു എസ്., മുൻ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ, കൊട്ടാരക്കര. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

4. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/71/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 25-05-2026 16:27:49
സെക്ഷൻ ഓഫീസർ